(ഡി) ഒഴിവുകൾ മുഴുവനും നികത്തുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-03-1997 ന് നിലവിലുണ്ടായിരുന്ന 1694 ഫോറസ്റ്റുഗാർഡുമാരുടെ തസ്തിക കൂടാതെ പുതിയതായി ഫോറസ്റ്റു ഗാർഡുമാരുടെ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചു വരുന്നു. നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട എല്ലാ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ നിയമന അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈൽഡ് ലൈഫ് സാങ്ച്വറിക്കുള്ളിൽ വരുന്ന പട്ടയ വസ്തുക്കൾ

19 (780) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈൽഡ് ലൈഫ് സാങ്ച്വറി വിജ്ഞാപന പരിധിയ്ക്കുള്ളിൽ പ്പെടുന്ന പട്ടയ വസ്തുക്കൾ വൈൽഡ് ലൈഫ് വാർഡന്റെ പരിധിയിൽ ആണോ സമീപത്തുള്ള ടെറിട്ടോറിയൽ റെയിഞ്ച് ഓഫീസറുടെ അധികാര പരിധിയിൽ ആണോ വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കൈവശം വച്ച് കരം അടച്ച് പോരുന്ന പട്ടയ വസ്തുവിൽ നട്ടുപിടിപ്പിച്ചതും പിന്നീട് വൈൽഡ് ലൈഫ് സാങ്ച്വറി ആക്കിക്കൊണ്ടുള്ള വിജ്ഞാപനത്തിന്റെ അതിർത്തിക്കുള്ളിൽപ്പെട്ടുപോയതും ഇപ്പോൾ കുടിപാർത്തും കൈവശത്തിലും കരം തീരുവയിലും ദേഹണ്ണത്തിലും ഇരിക്കുന്നതുമായ സ്ഥലത്ത് നിൽക്കുന്ന യൂക്കാലിപ്റ്റസ്, സിൽവർ ഓക്ക് തുടങ്ങിയ മരങ്ങളുടെ അവകാശം പട്ടയക്കാരന് ഉണ്ടോ ;

(സി) സാങ്ച്വറിയായി വിജ്ഞാപനം ചെയ്ത അതിർത്തിക്കുള്ളിൽ കൈവശം വച്ച് കരം അടച്ച് കുടിപാർത്തുപോരുന്ന പട്ടയവസ്തുവിൽ നട്ടു വളർത്തിയ സർക്കാർ ബാധ്യതയില്ലാത്ത യൂക്കാലിപ്റ്റസ്, സിൽവർ ഓക്ക് എന്നിവയ്ക്ക് കടത്തുപാസ് ലഭിക്കുന്നത് ഏത് ഉദ്യോഗസ്ഥനിൽ നിന്നാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പട്ടയവസ്തുക്കൾ റവന്യൂ അധികാരികളുടെ കീഴിലാണ്. വൈൽഡ് ലൈഫ് സാങ്ച്വറികളുടെ വിജ്ഞാപനപരിധിയിൽ വരുന്ന ഇത്തരം സ്ഥലങ്ങളിലെ തടിശേഖരണം അതാതു വൈൽഡ് ലൈഫ് ഡിവിഷൻ/റെയിഞ്ചുകളുടെ അധികാര പരിധിയിലാണ്.വരുന്നത്.

(ബി) 1986 ലെ വൃക്ഷ സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടാത്തതും സർക്കാർ ബാധ്യത ഇല്ലാത്തതുമായ പട്ടയ വസ്തുക്കളിലെ വൃക്ഷങ്ങൾ മുറിക്കുന്നതിന് നിയമപ്രകാരം പട്ടയക്കാരന് അവകാശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതാതു സ്ഥലത്തെ വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസർ/ റെയിഞ്ചോഫീസർമാരാണ് പാസ് നൽകുന്നത്.

വന്യജീവികളെ മാറ്റുന്നതിന് കൂടുകൾ

20 (784) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറശ്ശിനികടവ് സ്നേക്ക് പാർക്ക് കണ്ടുകെട്ടി വന്യജീവികളെ അവിടെ നിന്നും മാറ്റുന്നതിന് എത്ര കൂടുകൾ നിർമ്മിച്ചിരുന്നു ;

(ബി) ഇതിന്റെ പണി കോൺട്രാക്റ്റ് നൽകിയിരുന്നോ ; എങ്കിൽ ആർക്ക് ;

(സി) ഇതിന്റെ പണിക്കുവേണ്ടി എന്തു തുക ചെലവായി ;

(ഡി) ഇതിന്റെ പണിക്കുവേണ്ടി എത്ര ദിവസമെടുത്തു ;

(ഇ) ഇതിന്റെ പണിക്കാവശ്യമായ തടി എവിടെനിന്ന് എന്ന് സപ്ലൈ ചെയ്തു ;

(എഫ്) എത്ര തടി ഇതിനു വേണ്ടിവന്നു ?

ഉത്തരം

(എ) 15 കൂടുകൾ.

(ബി) വി. എസ്. ചന്ദ്രൻ, വെള്ളിമുട്ടം ഹൗസ്, കെ.എസ്.ഇ.ബി.-യ്ക്ക് സമീപം, സുൽത്താൻബത്തേരി എന്നയാളാണ് കൂടുകൾ നിർമ്മിച്ച കരാറുകാരൻ.

(സി) 30,175 രൂപ

(ഡി) കാട്ടേഷൻ പ്രകാരമായതുകൊണ്ട് കൂടുനിർമ്മിച്ചതിനുശേഷമാണ് വില നൽകിയത്. ആയതിനാൽ കൂടിന്റെ പണിക്കുവേണ്ടി എത്ര ദിവസമെടുത്തു എന്നതിന് കൃത്യമായ രേഖയില്ല.

(ഇ&എഫ്) കരാറുകാരൻ നേരിട്ട് തടിവാങ്ങിയാണ് കൂടുകൾ പണിതത്.

ബസുകളുടെ ജപ്തി നടപടി

21 (791) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വിവിധ കോടതികളുടെ ഉത്തരവുപ്രകാരം എത്ര കെ. എസ്. ആർ. ടി. സി ബസുകൾ ജപ്തി ചെയ്തിട്ടുണ്ട് ;

(ബി) ജപ്തി ചെയ്യുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ബസുകൾ കോടതി ജപ്തി ചെയ്യുന്നതുമൂലം ഷെഡ്യൂളുകളിൽ മുടക്കം വന്നിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly